# ഗുരുവായൂർ നഗരസഭ

## വിവാഹം രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ

രണ്ട് സാക്ഷികളും താഴെ പറയുന്ന രേഖകളും സഹിതം ഭാര്യയും ഭർത്താവും നഗരസഭയിൽ നേരിൽ വന്ന് മെമ്മോറാണ്ടം ഫോറം നമ്പർ 1 സമർപ്പിക്കുന്ന മുറക്ക് വിവാഹം രജിസ്റ്റർ ചെയ്ത് അന്നേ ദിവസം തന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷ ഫോറം 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് സഹിതം
2. മെമ്മോറാണ്ടം (**ഫോറം നമ്പർ 1**) 2 കോപ്പി
3. വരന്റെയും വധുവിന്റെയും പാസ്പ്പോർട്ട് സൈസ് ഫോട്ടോ 3 എണ്ണം വീതം
4. വരന്റെയും വധുവിന്റെയും ജനനതീയതി തെളിയിക്കുന്നതിന് **ജനന സർട്ടിഫിക്കറ്റ്/ സ്ക്കൂൾ രേഖ/ പാസ്പോർട്ട്/ ഡ്രൈവിങ്ങ് ലൈസൻസ്/ആധാർ (ജനന തീയതി രേഖപ്പെടുത്തിയത്)** ഇവയിലേതെങ്കിലും ഒന്നിന്റെ അറ്റസ്റ്റഡ് കോപ്പി അല്ലെങ്കിൽ ഒറിജിനലും കോപ്പിയും
5. മേൽപ്പറഞ്ഞ രേഖകളിൽ അഡ്രസ്സ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ/ അഡ്രസ്സിൽ മാറ്റമുണ്ടെങ്കിൽ നിലവിലെ അഡ്രസ്സ് തെളിയിക്കുന്നതിനുള്ള രേഖകൂടി ഹാജരാക്കേണ്ടതാണ്. (ആധാർ/ ഇലക്ഷൻ ഐ ഡി/ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് /റേഷൻകാർഡ്/ നാഷണലൈസ്ഡ് ബാങ്ക് പാസ്സ് ബുക്ക്)
6. വിവാഹ ക്ഷണപത്രിക
7. വരന്റെയോ വധുവിന്റെയോ താമസ സ്ഥലത്തെ/വിവാഹ സ്ഥലത്തെ ജനപ്രതിനിധികളിൽ നിന്നുള്ളതോ (വാർഡ് മെമ്പർ. MP, MLA)/ ഗസറ്റഡ് ഓഫീസറുടേയോ **ഫോറം നമ്പർ 2 ൽ ഓഫീസ് സീലോടു** കൂടിയ വിവാഹ സാക്ഷ്യപത്രം.

8. താലികെട്ടുന്ന ഫോട്ടോ

9. വിവാഹ നില– വിധവ/വിഭാര്യൻ/വിവാഹബന്ധം വേർപ്പെടുത്തിയവർ എന്നതാണെങ്കിൽ ആയത് തെളിയിക്കുന്നതിന് മതിയായ രേഖകൾ അറ്റസ്റ്റഡ് കോപ്പി/ഒറിജിനിലും പകർപ്പും ഹാജരാക്കണ്ടതാണ് (മരണസർട്ടിഫിക്കറ്റ്/കോടതി ഉത്തരവ്/റിലേഷൻ സർട്ടിഫിക്കറ്റ്)

10. 2 സാക്ഷികൾ അവരുടെ ഏതെങ്കിലും ഒരു ഐ ഡി കാർഡിന്റെ (ഫോട്ടോയും അഡ്രസ്സും ഉൾപ്പെടുന്ന) പകർപ്പും ഒറിജിനലും.

11. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം അവധി ദിവസങ്ങൾ ഉൾപ്പടെ രാവിലെ 10 മുതൽ 1 വരെയും 2 മണി മുതൽ 3 വരെയും

12. വിവാഹം നടന്ന് 5 വർഷത്തിനു ശേഷം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്റ്റാർ ജനറൽ ഓഫ് മാര്യേജ് (കോമൺ) ന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ) പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. മേൽകാണിച്ച രേഖകൾക്ക് പുറമെ 5/– രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വധൂവരൻമാരുടെ സംയുക്ത മാപ്പപേക്ഷകൂടി സമർപ്പിക്കേണ്ടതാണ്.

13. വിവാഹ രജിസ്ട്രേഷൻ ഫീസ് – 100 രൂപ

സർട്ടിഫിക്കറ്റ് ഫീ – 20 രൂപ